# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **1303.**

30..9..2011-ൽ മറുപടിക്ക്

## ക്ഷീര മേഖലയിലെ പ്രതിസന്ധി

<u>ചോദ്യം</u>

**ശ്രീ. എം.വി. ശ്രേയാംസ്കുമാർ**

(എ) ക്ഷീര മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിച്ച ഡോ. ഉണ്ണിത്താൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

<u>ഉത്തരം</u>

**ശ്രീ. കെ.സി. ജോസഫ്,**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) ഡോ: ഉണ്ണിത്താൻ കമ്മിഷനെ മിൽമയാണ് നിയമിച്ചത്. ക്ഷീരമേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മിൽമയുടെ ഭരണസമിതി ഡോ. ഉണ്ണിത്താനെ ചുമതലപ്പെടുത്തി. അദ്ദേഹം നടത്തിയ പഠനത്തിന്റെ പ്രധാന ശുപാർശകൾ താഴെപ്പറയും പ്രകാരമാണ്.

1. ശരാശരി ഗുണനിലവാരമുള്ള പാലിന് (4.1% കൊഴുപ്പും 8.3% എസ്.എൻ.എഫും) ലിറ്ററിന് 26 രൂപ 27 പൈസ ശരാശരി ഉൽപ്പാദന ചെലവായി കർഷകർക്കുണ്ടാകുന്നുണ്ട്. ഈ ഗുണനിലവാരമുള്ള പാലിന് മിൽമ നൽകി വന്നിരുന്ന 18 രൂപ 48 പൈസ കുറവായതിനാൽ ക്ഷീരകർഷകർ ഈ രംഗത്തു നിന്നും പിൻമാറുന്നു.

2. കർഷകരിൽ നിന്നും സംഭരിക്കുന്ന ശരാശരി ഗുണനിലവാരമുള്ള പാലിന് ഏറ്റവും കുറഞ്ഞത് ലിറ്ററിന് 26 രൂപയായി വർദ്ധിപ്പിക്കണം.

3. കർഷകന് ന്യായമായ വില കിട്ടാത്ത ഇന്നത്തെ സ്ഥിതി തുടർന്നാൽ അധികം വൈകാതെ തന്നെ സംസ്ഥാനത്ത് ക്ഷീരോത്പാദനം തനിയെ ഇല്ലാതാകാനും അന്യസംസ്ഥാനങ്ങളെ പരിപൂർണ്ണമായും ആശ്രയിക്കാനും കാലക്രമേണ വില അമിതമായി വർദ്ധിക്കുവാനും സാധ്യതയേറെയാണ്.

4. തമിഴ്നാട്ടിലും കർണ്ണാടകത്തിലും നടപ്പിലാക്കിയതുപോലെ ഉല്പാദന ഉപഭോക്തൃ സബ്സിഡി നടപ്പാക്കണം.

5. കാലിത്തീറ്റയ്ക്കും വൈക്കോലിനും സബ്സിഡി നൽകി വിതരണം ചെയ്യണം.

6. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പു വരുത്തണം.

7. പുൽകൃഷി പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കണം.

8. മൃഗചികിത്സ കാര്യക്ഷമമാക്കുകയും മരുന്ന് സബ്സിഡി നൽകുകയും ചെയ്യണം.

9. ഉൽപ്പാദനക്ഷമത കൂടിയ പശുക്കളുടെ ലഭ്യത ഉറപ്പുവരുത്തണം.

10. ക്ഷീരോത്പാദനത്തിന് അനുയോജ്യമായ സാഹചര്യങ്ങളുള്ളിടത്ത് പ്രാധാന്യം നൽകി കൂടുതൽ സഹായം നൽകണം.

11. കാലിവളർത്തൽ തൊഴിലായി സ്വീകരിക്കാൻ തയ്യാറുള്ളവർക്ക് ഏകജാലക സംവിധാനത്തിലൂടെ സഹായങ്ങൾ നൽകണം.

12. വർഷത്തിൽ രണ്ടു പ്രാവശ്യം പാൽ വില ശാസ്ത്രീയമായി ഉൽപ്പാദന ചെലവിനനുസരിച്ച് പുനർനിശ്ചയിക്കണം. ആയതിന് ഒരു ഇൻഡക്സ് സംവിധാനം ഏർപ്പെടുത്തണം.

13. എല്ലാ 3 വർഷത്തിലും പാലുൽപ്പാദന ച്ചെലവ് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് നിർണ്ണയിക്കണം.

14. പാലിന്റെ വില തീരുമാനിക്കാൻ മറ്റ് ഏതൊരു കാർഷിക വിഭാഗത്തെയും പോലെ കർഷകർക്ക് അധികാരവും അവകാശവും ഉണ്ടായിരിക്കുകയും ആ അവകാശത്തിൽ സർക്കാരോ മറ്റാരെങ്കിലുമോ ഇടപെടാതിരിക്കുകയും ചെയ്യുക.

15. മിൽമയെ ഒരു സ്വതന്ത്ര സമ്പദ് വിപണിയായി പ്രവർത്തിക്കാനനുവദിക്കുക.

ഇവയൊക്കെയാണ് പ്രധാന ശുപാർശകൾ.

(ബി)പാൽ വില വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് ഒരു വിലനയം രൂപപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) മുമ്പ് സർക്കാർ പാൽവില വർദ്ധിപ്പിച്ചപ്പോൾ ഉൽപ്പാദന ചെലവിനനുസൃതമായി പാൽവില വർദ്ധിപ്പിക്കുക എന്ന നയമാണ് സ്വീകരിച്ചത്.

(സി)ക്ഷീര മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) ക്ഷീരമേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ ഉല്പാദനച്ചെലവിനനുസരണമായ ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഉല്പാദന ച്ചെലവ് കുറയ്ക്കാൻ ക്ഷീരവികസന വകുപ്പ് വഴി കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി, എം.എസ്.ഡി.പി. എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ, ക്ഷീര കർഷക ക്ഷേമനിധിയിലൂടെ കർഷകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ ധനസഹായം, ഇൻഷുറൻസ് എന്നിവയും നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.